**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2525** **02-08-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ കൂടുതൽ പ്ലസ് വൺ സീറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിൽ എസ് .എസ്.എൽ .സി പരീക്ഷ വിജയിച്ച വിദ്യാർത്ഥികൾക്ക് പ്ലസ് വൺ തുടർ പഠനത്തിന് ഓരോ വർഷവും വർദ്ധിച്ചുവരുന്ന സീറ്റ് ദൗർലഭ്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുവാൻ സർക്കാർ നയം പുന:പരിശോധിക്കുമോ; | (എ) | 2020-21 അധ്യയന വർഷം മലപ്പുറം ജില്ലയിൽ നിന്ന് 75554 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി പാസായി ഉന്നത പഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തെ പ്രവേശന തോതനുസരിച്ച് എസ്.എസ്.എൽ.സി പരീക്ഷ വിജയിക്കുന്നവരിൽ 67.92 ശതമാനം പേർ മാത്രമേ ഹയർ സെക്കണ്ടറി പ്ലസ്സ് വൺ പ്രവേശനം നേടുന്നുള്ളൂ. (കഴിഞ്ഞ അദ്ധ്യയന വർഷം എസ്.എസ്.എൽ.സി പാസായ 77370 കുട്ടികളിൽ 52727 പേർ മാത്രമാണ് പ്ലസ് വൺ പ്രവേശനം നേടിയിട്ടുള്ളത്). അതനുസരിച്ച് ഈ വർഷം എസ്.എസ്.എൽ.സി പാസ്സായവരിൽ പ്രവേശനം നേടാൻ സാധ്യതയുള്ളത് ഏകദേശം 53040 വിദ്യാർത്ഥികൾ മാത്രമാണ്. മുൻ വർഷത്തെ പോലെ 20% മാർജിനൽ സീറ്റ് വർദ്ധനവ് ഏർപ്പെടുത്തുമ്പോൾ മലപ്പുറം ജില്ലയിൽ 61415 സീറ്റുകൾ ലഭ്യമാണെന്ന വിവരവും അറിയിക്കുന്നു. |
| (ബി) | താൽക്കാലിക സീറ്റ് വർധനയ്ക്ക് പകരം ഒഴിവുള്ള ജില്ലകളിലെ സീറ്റുകൾ ക്രമീകരിച്ചും നിലവിലെ സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിച്ചും പുതിയ ഹയർ സെക്കൻണ്ടറി സ്കൂളുകൾ അനുവദിച്ചും ഉപരി പഠന പ്രതിസന്ധികൾ പരിഹരിക്കുമോ; | (ബി) | കഴിഞ്ഞ5 വർഷത്തെ കണക്കുകൾ അനുസരിച്ച് പ്രവേശന നടപടികൾ അവസാനിച്ച കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലും ഉള്ളത് നിലവിൽ സംസ്ഥാനത്ത് ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല. |
| (സി) | ഇതിനായി ഈ അദ്ധ്യായന വർഷം സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ? | (സി) | കഴിഞ്ഞ5 വർഷത്തെ കണക്കുകൾ അനുസരിച്ച് നിലവിൽ സംസ്ഥാനത്ത് ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല. |

സെക്ഷൻ ഓഫീസർ